## അഹ്മദ് കുരിക്കൾ



**മലപ്പുറം** ജില്ലയിലെ വടക്കാങ്ങര മഹല്ലിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയും ജ. ഇ. പ്രവർത്തകനുമായിരുന്നു 102-ാം വയസ്സിൽ അന്തരിച്ച അഹ്മദ് കുരിക്കൾ.

വടക്കാങ്ങര അബ്ദുൽഖാദിർ മൗലവിയിലൂടെ ജമാഅത്തെ ഇസ്‌ലാമിയിലേക്ക് കടന്നുവന്ന അഹ്മദ് കുരിക്കൾക്ക് വി.പി മുഹമ്മദലി ഹാജി, വി.കെ ഇസ്സുദ്ദീൻ മൗലവി, എ.കെ അബ്ദുൽ ഖാദിർ മൗലവി തുടങ്ങിയ നേതാക്കളുമായി അടുത്ത ബന്ധമുണ്ടായിരുന്നു.

വടക്കാങ്ങര കിഴക്കേ കുളമ്പ് ജുമാമസ്ജിദിലെ ശ്രവണ മധുരമായ ബാങ്കുവിളിക്കാരനായിരുന്നു. മരണം വരെ അദ്ദേഹം പള്ളിയിൽ ഇഅ്തികാഫിലായിരുന്നു എന്നു പറയാം. പള്ളിക്ക് ഒരേക്കർ സ്ഥലം വഖ്ഫായി നൽകുകയും ചെയ്തു.

*കെ. അബൂബക്കർ വടക്കാങ്ങര*

## സി.വി ഹുസൈൻ കുട്ടി



**ജ. ഇ** പട്ടാമ്പി ഘടകത്തിന്റെ ആദ്യ നാസിമും സജീവ പ്രവർത്തകനുമയിരുന്നു സി.വി ഹുസൈൻകുട്ടി സാഹിബ്(68).

ഇസ്‌ലാമിക് ചാരിറ്റബ്ൾ ട്രസ്റ്റ്, മദീനാ മസ്ജിദ്, മൗണ്ട് ഹിറാ സ്കൂൾ എന്നിവയുടെ കമ്മിറ്റികളിൽ അംഗമായിരുന്നു. 1970-കളിൽ പ്രഫ. വി. മുഹമ്മദലി സാഹിബിന്റെ നേതൃത്വത്തിൽ പട്ടാമ്പിയിൽ ജ. ഇ പ്രവർത്തനമാരംഭിച്ചപ്പോൾ മുൻനിരയിൽ തന്നെ അദ്ദേഹമുണ്ടായിരുന്നു. ഭാര്യയും രണ്ട് ആൺമക്കളും ഒരു മകളുമുണ്ട്.

*എ.ടി മുഹമ്മദ് കുട്ടി, പട്ടാമ്പി*

## സക്കീന

**ചാവക്കാട്** ഏരിയയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുഴുസമയ പ്രവർത്തകനായ ഐ. മുഹമ്മദലി സാഹിബിന്റെ സഹധർമിണിയായിരുന്നു സക്കീന. പേരിനെ അന്വർഥമാക്കുന്നതായിരുന്നു അവരുടെ ജീവിതവും മരണവും. എത്ര കടുത്ത പരീക്ഷണങ്ങളെയും അവർ ധീരതയോടെ നേരിട്ടു. അനാരോഗ്യം കാരണം പുറത്തേക്കിറങ്ങാൻ പ്രയാസമായപ്പോൾ ഹൽഖാ യോഗങ്ങൾ അവർ സ്വന്തം വീട്ടിലേക്കു മാറ്റി. പ്രസ്ഥാനത്തിന് ഒരു സജീവ പ്രവർത്തകയെയും ഈയുള്ളവൾക്ക് ഏറെ വേണ്ടപ്പെട്ട ഒരു സഹോദരിയെയുമാണ് നഷ്ടപ്പെട്ടത്.

*വി.എസ് ഹഫ്സത്ത് പാടൂർ*

## പി. അബ്ദുൽ അസീസ്

**ജ. ഇ** ആദ്യകാല പ്രവർത്തകൻ മർഹൂം അബ്ദുല്ലക്കോയ മാസ്റ്ററുടെ (പറമ്പിൽ ബസാർ) മകനായിരുന്നു പള്ളിയേടത്ത് അബ്ദുൽ അസീസ്(57). *പ്രബോധനം* പ്രസിൽ ജീവനക്കാരനായിരുന്നു കുറച്ചുകാലം. മാതൃകാപരമായിരുന്നു ജീവിതം. മകൻ എസ്.ഐ.ഒ പ്രവർത്തകനാണ്.



*സി.പി ജൗഹർ*

അല്ലാഹു പരേതരെ മഅ്ഫിറത്തും മർഹമത്തും നൽകി അനുഗ്രമിക്കുമാറാകട്ടെ - ആമീൻ.